(ബി) എങ്ങനെയെല്ലാം നടപടി;

(സി) എന്തു തുകയ്ക്കു വീതം;

(ഡി) ഈ ലോൺ നൽകുന്നതിൽ സ്വീകരിച്ച മാനദണ്ഡം എന്താണ്?

ഉത്തരം.

(എ) ഉവ്വ്.

(ബി) (സി) വെസ്റ്റ്കോസ്റ്റ്ഫിഷറീസ് (ട്രാവൻകൂർ ലിമിറ്റഡ്) രൂപ ക,ക്ര, ഠ ങ0—ൻ—0.

2. അഴകപ്പാടെക്സ്റ്റൈയിൽസ് കൊച്ചിൻ ലിമിറ്റഡ് രൂപ ന,00,000.

3. ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് രൂപ ഛ,00,000.

(ഡി) വ്യവസായത്തിനു ധനസഹായത്തിന്റെ ആവശ്യകത, ഈടു നൽകുന്ന വസ്തുവിന്റെ വില. വായ്പ തിരിയെ തരുന്നതിനുള്ള കഴിവ് മുതലായവയാണ് മാനദണ്ഡങ്ങൾ.

കോലഴി വില്ലേജ് പഞ്ചായത്ത്.

ഭ൪൪. [ഛ 0] ശ്രീ. സി. അച്യുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകായ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോലഴിവില്ലേജ് പഞ്ചായത്തുകോടതിയിൽ ശ്രീ. പാട്ടത്തിൽ കൃഷ്ണമേനോൻ എന്നൊരാളെ ജഡ്ജിയായി നോമിനേറ്റ ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത കൃഷ്ണമേനോന്റെ പേരിൽ പേരൂർ കോ-ഓപ്പറേറ്റീവ് സ്റ്റോറിൽ നിന്നു ക്രമക്കേടുകൾ ഉണ്ടായ ക്ര00 രൂപയുടെ അപഹരണത്തെ സംബന്ധിച്ച് കേസ്സെടുക്കാൻ സംഘം പൊതുയോഗം തീരുമാനിക്കുകയും അതനുസരിച്ചു കേസ്സെടുക്കുകയും ചെയ്തിട്ടുണ്ടോ;

(സി) ആ കേസ് എന്തു നിലയിൽ ഇരിക്കുന്നു;

(ഡി) കേസു ആരംഭിച്ചിട്ട് എത്ര കാലമായി?

ഉത്തരം.

(എ) ശ്രീ. പാട്ടത്തിൽ കൃഷ്ണമേനോൻ എന്നൊരാളെ കോലഴി വില്ലേജ് കോടതിയുടെ പ്രസിഡൻറായി നോമിനേറ്റ ചെയ്തിട്ടുണ്ട്.

(ബി) 'പേരൂർ' കോ-ഓപ്പറേറ്റീവ് സ്റ്റോർ എന്ന പേരിൽ ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഇല്ല.

എന്നാൽ വിൽവട്ടം പെരിങ്ങാവ് കോ-ഓപ്പറേറ്റീവ് (നമ്പർ ഭ ക്ര) സൊസൈറ്റിയുടെ ക്രമക്കേടി അംഗങ്ങളുടെ പേരിൽ ഒരു കേസ്സ് ഫയൽ ചെയ്തിട്ടുണ്ട്. ശ്രീ. കൃഷ്ണമേനോനാണ് പ്രസ്തുത കേസിലെ ഒന്നാംപ്രതി.

LIBRARY ARCHIVES Kerala Legislative Assembly

(സി) തൃശ്ശൂർ ഡെപ്യൂട്ടി രജിസ്ട്രാർ ആഫീസിൽ നിന്നും പ്രസ്തുത കേസ് ഇപ്പോൾ തിരുവനന്തപുരം ആർബിട്രേഷൻ, എക്സിക്യൂഷൻ ആൻഡ് ലിക്വിഡേഷൻ രജിസ്ട്രാർ ആഫീസിലേക്ക് മാറിയിരിക്കുകയാണ്. രണ്ട് അവധി കഴിഞ്ഞു.

(ഡി) ഒരു വർഷവും ൻ മാസവും കഴിഞ്ഞു.

അരിവിതരണം.

൪൯൩. [൨ ൧] ശ്രീ. സി. അച്യുതമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മുന്നുമാസങ്ങളിൽ തൃശ്ശൂർ പട്ടണത്തിൽ എത്ര പുഴുക്കൽ അരിയും എത്ര പച്ചരിയും വിതരണം ചെയ്തു ;

(ബി) ഈ കാലഘട്ടത്തിൽ ഗവണ്മെൻറ് കൈവശമുണ്ടായിരുന്ന ഓരോയിനം അരിയുടേയും ആകെ തുക എന്തു് ?

ഉത്തരം.

(എ) പുഴുക്കലരി, ൨൨,൯൨൭ ചാക്ക് ൩൭ പറ. പച്ചരി, ൩൪,൭൭൬ ചാക്ക്.

(ബി) പുഴുക്കലരി ൨൭൪൪ ൭൨ ചാക്ക്
പച്ചരി ൭൭൪൪൪ ,,
പൊടിയരി ൭൭൩൬൬ ,,

പാട്ടം കൂടുതൽ ആവശ്യപ്പെട്ടുകൊണ്ടുള്ള വസ്തുക്കൾ.

൪൯൪. [൨൪] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ൧൯൫൯-ൽ പാട്ടം കൂടുതൽ ആവശ്യപ്പെട്ടുകൊണ്ട് ജന്മികൾ പാട്ടക്കാരുടെ മേൽ എത്ര കേസുകൾ കൊടുത്തിട്ടുണ്ട് ;

(ബി) പാട്ടകൂടുതൽ അനുവദിച്ചുകൊണ്ട് എത്ര വിധികൾ ഉണ്ടായിട്ടുണ്ട് ;

(സി) എത്ര പാട്ടക്കാർ വസ്തു ഒഴിഞ്ഞുകൊടുത്തിട്ടുണ്ട് ;

(ഡി) പാട്ടകൂടുതൽ അനുവദിച്ചുകൊണ്ട് വിധിയുണ്ടാകുമ്പോൾ മുൻപാട്ടത്തെപ്പറ്റിയുള്ള മാനദണ്ഡം കോടതികൾ അംഗീകരിക്കാറുണ്ടോ ; അന്വേഷിക്കാറുണ്ടോ ;

ഉത്തരം.

(എ) ൪൭൭.

(ബി) ൧൫൭.

LIBRARY ARCHIVES Kerala Legislative Assembly